INDIAN SCHOOL SOHAR
SUMMATIVE ASSESSMENT-II (2016-2017)
MALAYALAM

CLASS:VIII **MAX.MARKS:30**

DATE:1-3-17 **TIME:** 1hour

1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക **(4)**

ഋക്ക്, യജുസ്സ്, സാമം, അഥർവം എന്നിങ്ങനെ വേദങ്ങൾ നാലാണ്. ഓരോന്നിനും ഓരോ സംഹിതകളുണ്ട്. സംഹിതകളെ ബ്രാഹ്മണങ്ങൾ എന്നു വിളിക്കുന്നു. ബ്രാഹ്മണങ്ങൾക്കുണ്ടായ അനുബന്ധങ്ങളാണ് ആരണ്യകങ്ങൾ. ആരണ്യങ്ങളുടെ അനുബന്ധങ്ങളാണ് ഉപനിഷത്തുക്കൾ. മന്ത്രങ്ങളും ബ്രാഹ്മണങ്ങളും പഠിച്ച ശേഷമാണ് വിദ്യാർത്ഥികൾ ഉപനിഷത്തുക്കളിലേക്ക് കടക്കുന്നത്. ഉപനിഷത്ത് എന്ന വാക്കിന് 'ഏറ്റവും സമീപത്ത് സ്ഥിതി ചെയ്യുന്നത്' എന്നാണർത്ഥം. മുണ്ഡകോപനിഷത്ത് അനുസരിച്ച് ഉപനിഷത്തുക്കൾ ആകെ 108 ആണ്.

a). വേദങ്ങളെ എത്രയായി തരം തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?

b). ഉപനിഷത്ത് എന്ന വാക്കിന്റെ അർത്ഥം എന്ത്?

c). ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക?

d). ഉപനിഷത്തുകൾ എത്ര എണ്ണം?

2.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. **(1)**

a).എല്ലാ ശനിയാഴ്ചതോറും അമ്മയെ കാണാൻ പോകും.

3.താഴെതന്നിരിക്കുന്ന കേവലക്രിയയെ പ്രയോജകക്രിയയാക്കുക **(2)**

a).ഉറങ്ങുന്നു b).പഠിക്കുന്നു

4.ഒറ്റപ്പദമാക്കുക **(2)**

a). മാതാവും പിതാവും b).കോമളമായ രൂപം

5.ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക **(6)**

a).ചേട്ടൻ <u>വേഗത്തിൽ</u> നടന്നു –ഏത് വിശേഷണവിഭാഗത്തിൽപ്പെടുന്നു?
(ക്രിയാവിശേഷണം, വിശേഷണ വിശേഷണം, നാമവിശേഷണം)

b).വെള്ളം ഏത് നാമവിഭാഗത്തിൽപ്പെടുന്നു? (മേയനാമം, സംജ്ഞാനാമം, സാമാന്യനാമം)

c).ശരിയായ പദം ഏത്? (അനുഗൃഹം, അനുഗ്രഹം, അനിഗ്രഹം)

d).നേര് വിപരീതം എന്ത്?(നുണ, അനുണ, അനേര്)

e).വെളുപ്പ് പര്യായം ഏത്? (ശ്വേതം, തോയം, ശുഭ്രം)

f).വാഴപ്പഴം സന്ധി ഏത്?(ദ്വിത്വസന്ധി, ആഗമസന്ധി, ആദേശസന്ധി)

6.ഉത്തരമെഴുതുക. **(5)**

a).ലീലാവിലാസേന നില്ക്കുന്നത് ആര്?

b).വേലുത്തമ്പിയുടെ പ്രതിജ്ഞ എന്തായിരുന്നു?

c).കാർത്തികതിരുന്നാൾ രാമവർമ്മ മഹാരാജാവ് ഏത് പേരിലാണ് പ്രസിദ്ധനായത്?

d).നമ്മുടെ നാടിനെ എങ്ങനെ സേവിക്കണം എന്നാണ് കവി കവിതയിൽ പറയുന്നത്?

e).മഹീതലം എന്തുകൊണ്ടാണ് മൂടിയത്?

7.നിങ്ങളുടെ ജൻമദിനം എങ്ങനെ ആഘോഷിച്ചു എന്നതിനെക്കുറിച്ച് കൂട്ടുകാരന്/കൂട്ടുകാരിക്ക് കത്തെഴുതുക **(5)**

8.താഴെ തന്നിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഒരു ഖണ്ഡിക എഴുതുക. **(5)**

രവീന്ദ്രനാഥ ടാഗോർ അല്ലെങ്കിൽ നമ്മുടെ ദേശീയപതാക